# 13 -ാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 629 10/06/2014 - ൽ മറുപടിയ്ക്ക്**

### ടി. എസ്. പി. പ്രകാരമുള്ള ഫണ്ട് ലഭ്യതയും പട്ടികവർഗ്ഗ സമുദായങ്ങളും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | കുമാരി. പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) | |
| (എ) | കാസർകോട് ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന ഏതൊക്കെ സമുദായങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | (1) മാവിലൻ (2) മലവേട്ടുവ (3) കൊറഗ (4) മലയരയ (5) മേലക്കുടി/കുടിയ (6) മറാട്ടി (7) മലവേടൻ (8) ഉള്ളാടൻ എന്നീ സമുദായങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. |
| (ബി) | ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ നിലവിലെ ജനസംഖ്യ എത്രയാണെന്ന് വിശദീകരിക്കാമോ; | (ബി) | 2011 ലെ സെൻസസ് പ്രകാരം കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യ 48857 ആണ്. ഈ കണക്കിൽ 2014 ൽ സംസ്ഥാന പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയ മറാട്ടി സമുദായ ത്തിന്റെ ജനസംഖ്യ ഉൾപ്പെട്ടിട്ടില്ല. |
| (സി) | പ്രത്യേക ഘടക പദ്ധതി ടി.എസ്.പി പ്രകാരം ജനസംഖ്യാനുപാതികമായി ഫണ്ട് ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ജനസംഖ്യ ക്കനുസരിച്ച് ഫണ്ട് ലഭിക്കാതിരിക്കുവാനുള്ള കാരണം വിശദീകരിക്കാമോ; | (സി) | ഇല്ല. ടി. എസ്. പി വിഹിതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന പ്ലാനിംഗ് ബോർഡ് ഫണ്ട് വകയിരുത്തുന്നത് 2001 -ലെ സെൻസസ് അടിസ്ഥാനമാക്കിയാണ്. എന്നാൽ 2003 -ൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ലിസ്റ്റിൽ നിന്നും ചില സമുദായങ്ങളെ ഒഴിവാക്കുകയും മറ്റ് ചില സമുദായങ്ങളെ കൂട്ടിച്ചേർക്കുകയും ചെയ്തു. 2011 - ലെ സെൻസസ് അനുസരിച്ചു പഞ്ചായത്തുതല വിവരങ്ങൾ ലഭ്യമായിട്ടില്ല. 2011 - ലെ സെൻസസ് പ്രകാരമുള്ള പഞ്ചായത്തുതല ജനസംഖ്യാ വിവരം ലഭ്യമാകുന്നതോടുകൂടി പട്ടികവർഗ്ഗ ജനസംഖ്യക്ക് ആനുപാതികമായി ടി.എസ്.പി ഫണ്ട് വകയിരുത്താൻ കഴിയുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | പട്ടികവർഗ്ഗ വിഭാഗത്തിന് കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ലഭിക്കുന്ന സംഖ്യ എത്ര യാണെന്നും ഏതൊക്കെ മേഖലകളി ലാണ് ലഭിക്കുന്നതെന്നും വിശദീകരിക്കാമോ? | (ഡി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## 50% STATE SHARE OF CENTRALLY SPONSORED SCHEME

| Sl No | Schemes | 50% Central Share of Centrally Sponsored Schemes] |
|---|---|---|
| 1 | Construction of building for MRS/Ashram Schools [50% CSS] | 1750.00 |
| 2 | Construction of Boys Hostel [50% C S.S] | 300.00 |
| 3 | Grant-in-aid to Kerala Institute for Research, Training and Development studies for SC/ST (KIRTAS) [50% CSS] | 70.00 |
| 4 | Share Capital contribution to KSDC for SC/ST [State Share 51%] | 21.14 |
| 5 | Enforcement of Prevention of Atrocities Act [State Share 50%] | 10.00 |
| | Total | 2151.14 |

## 100% Centrally Sponsored Schemes and SCA to TSP

| Sl No | Schemes | Amount [Rs lakh] |
|---|---|---|
| 1 | Post matric scholarship | 2000.00 |
| 2 | Special Central Assistance to Tribal Sub Plan [SCA to TSP] | 700.00 |
| 3 | Pre-matric Scholarship for Tribal Students studying in IX & X classes. | 390.00 |
| 4 | Construction of Girls Hostels. | 350.00 |
| 5 | Construction of MRS , under art.275(1) 100 % CSS | 350.00 |
| 6 | Implementation of STs and other traditional forest Dwellers [Recognition of forest Right Act, 2006] | 100.00 |
| 7 | Vocational Training Institute for Scheduled tribes | 80.00 |
| 8 | Conservation cum Development of Primitive Tribal Group[CCD] | 0.01 |
| 9 | Infrastructure facilities to KIRTADS | 0.01 |
| 10 | Grant in aid to the Kerala State Federation of SCs & STs Development co operative Ltd. | 0.01 |
| 11 | Up gradation of Merits of ST students | 0.01 |
| 12 | Construction of Tribal Complex | 0.01 |
| 13 | Development Infrastructure facilities to Backward Tribal Communities in Tribal Areas (One Time ACA) | 0.01 |
| | **NEW SCHEME** | |
| 14 | Multipurpose hostel for Scheduled Tribes | 0.01 |
| | **TOTAL (B)** | 3970.06 |